"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - പുനർവിന്യാസം മുഖേന മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ജോലിചെയ്തുവരുന്ന കൃഷി വകുപ്പിലെ ക്ലാർക്കായ ശ്രീമതി. സിസ്ധു കെ.കെ.-യെ തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2760/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 05.12.2019.**

പരാമർശം: 1) സ.ഉ.(സാധാ) നം.1739/2018/തസ്വഭവ തീയതി, 26.08.2018.

2) ശ്രീമതി സിസ്ധു കെ.കെ സമർപ്പിച്ച 08.10.2018 ലെ നിവേദനം

3) ഗ്രാമവികസന കമ്മീഷണറുടെ 22.10.2019-ലെ എസ്റ്റാ.സി4/5806/2019/സിആർഡി നമ്പർ കത്ത്.

4) ഗ്രാമവികസന കമ്മീഷണറുടെ 23.11.2019-ലെ 16883/എസ്റ്റാ.സി4/2019/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ ജോലിയിൽ തുടരുന്ന കൃഷി വകുപ്പിലെ ക്ലാർക്കായ ശ്രീമതി. സിസ്ധു കെ.കെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് പുനർവിന്യാസ സ്ഥലംമാറ്റം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയിരുന്നു.

കൃഷി വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി സിസ്ധു.കെ.കെ-യുടെ പേരിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റ് നടപടി ക്രമങ്ങളോ നിലവിലില്ലായെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിലെ സീനിയർ ക്ലാർക്കായ ശ്രീമതി. സിസ്ധു കെ.കെ-യ്ക്ക് തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള പുനർവിന്യാസ ഒഴിവിലേക്ക് നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ എം.,**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ.
സെക്രട്ടറി, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ.
ശ്രീമതി. സിസ്ധു കെ.കെ, ക്ലാർക്ക്, മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (വകുപ്പ് മേധാവി മുഖേന)
കൃഷി വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ